**ഭരണഭാഷ - മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർസെക്കന്ററി വിഭാഗം,
ജഗതി, തിരുവനന്തപുരം - 695014
ഇമെയിൽ - jdacad@gmail.com
ഫോൺ - 0471-2580738

**നം. HSE/31722/2025-ACD.SPL4** തീയ്യതി : **30-12-2025**

# സർക്കുലർ

**വിഷയം** : പൊ.വി.വ. - ഹ.സെ.വി - ജനുവരി 15 - പാലിയേറ്റീവ് കെയർ ദിനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പാലിയേറ്റീവ് കെയർ ദിന സന്ദേശം നൽകുന്നത് സംബന്ധിച്ച്.

**സൂചന** : 12/12/2025 തീയതിയിൽ ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ കേരള (ഐ.എ.പി.സി) യുടെ പ്രസിഡന്റ് ലഭ്യമാകിയ കത്ത്.

ജനുവരി 15 പാലിയേറ്റീവ് കെയർ ദിനത്തിൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥപനത്തിലും പാലിയേറ്റീവ് കെയർ സന്ദേശം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന്റെ ഭാഗമായി സ്കൂൾ അസംബ്ലിയിൽ ചൊല്ലുന്നതിനുള്ള പാലിയേറ്റീവ് കെയർ ദിന പ്രതിജ്ഞ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

## വിദ്യാലയത്തിൽ വായിക്കാനുള്ള പ്രതിജ്ഞ

ജീവിതത്തെ പ്രതിസന്ധിയിലാക്കും വിധം രോഗം/അവശത ബാധിച്ച ഏതൊരു വ്യക്തിക്കും കുടുംബത്തിനും അവരുടെ വീടുകളിൽ ലഭ്യമാക്കേണ്ടതാണ് പാലിയേറ്റീവ് കെയർ. വർദ്ധിച്ചുവരുന്ന ആയുർദൈർഘ്യം, ജീവിതശൈലീ രോഗങ്ങളുടെ വർദ്ധനവ്, ജന്മനായുള്ള ശാരീരിക മാനസിക വൈകല്യങ്ങൾ, മാനസിക പ്രശ്നങ്ങൾ, അപകടങ്ങൾ എന്നിവയെല്ലാം കൊണ്ട് തന്നെ ഏതൊരാളുടെ

കുടുംബത്തിനും പാലിയേറ്റീവ് പരിചരണം ഏത് നിമിഷവും ആവശ്യമായി വരുന്ന സ്ഥിതിയാണ്. രോഗം ആരുടെയും കുറ്റമല്ല രോഗീപരിചരണം ഔദാര്യമല്ല രോഗിയുടെയും കുടുംബത്തിന്റെയും അവകാശമാണ്. അത് നൽകൽ സമൂഹത്തിന്റെ ഉത്തരവാദിത്വവും കടമയുമാണ്.

വീടുകളിലെത്തി പരിചരണം നൽകുന്ന പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളെ അടുത്തറിയാൻ ഞാൻ ശ്രമിക്കുന്നതാണ്. രോഗിയേയും കുടുംബത്തിനെയും ബഹുമാനിക്കാനും അവരുടെ അന്തസ്സിനും അഭിമാനത്തിനും വിലകൽപ്പിക്കാനും എന്റെയും എന്റെ സുഹൃത്തുക്കളുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തുവാൻ ഞാൻ പരിശ്രമിക്കും. എന്റെ സമയത്തിലും എന്റെ പരിശ്രമത്തിലും പാലിയേറ്റീവ് പരിചരണം നൽകേണ്ട രോഗികൾക്ക് വേണ്ടി ഒരു വിഹിതം ഉണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ വർഷത്തെ പാലിയേറ്റീവ് കെയർ സന്ദേശമായ "സാർവ്വതിക പാലിയേറ്റീവ് പരിചരണം അയൽപ്പക്ക കൂട്ടായ്മകളിലൂടെ" എന്ന ആശയം പ്രചരിപ്പിക്കാൻ ഞാൻ ശ്രമിക്കുമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

Digitally signed by
Shajitha S
Date: 30-12-2025
08:04:42

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**

**പകർപ്പ്:**

1. എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ
2. ബന്ധപ്പെട്ട ആർ ഡി ഡി ഓഫീസ്